# AMRITA VIDYALAYAM

## HALF YEARLY EXAMINATION 2018 - '19

**Class : VIII** **Marks : 80**
**Time : 3 hrs**

## മലയാളം

| GENERAL INSTRUCTIONS: | |
|---|---|
| This question paper is divided in to four sections. | |
| Section A: Reading comprehension | - 10 Marks. |
| Section B: Writing | - 16 Marks. |
| Section C: Grammar | - 17 Marks. |
| Section D: Literature | - 37 Marks. |

## എ വിഭാഗം

**I. താഴെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.** **10**

"എനിക്ക് ഇഷ്ടപ്പെടാത്ത ഒരാളെ ഞാൻ ഇതുവരെ കണ്ടിട്ടില്ല" എന്ന് ഒരാൾ പറഞ്ഞപ്പോൾ അയാളെ ഇഷ്ടപ്പെടാത്തവർ ആരും തന്നെ ഇല്ലെന്നായിരുന്നു ആ നല്ല മനുഷ്യനെ പരിചയമുണ്ടായിരുന്ന മറ്റൊരാൾ പറഞ്ഞത്. മറ്റുള്ളവരുമായി രമ്യതയോടെ കഴിഞ്ഞുകൂടുവാനുള്ള സന്മനസ്സാണ് ജീവിത വിജയത്തിനു പ്രധാനമായും ആവശ്യം. നിങ്ങൾ മറ്റുള്ളവരിൽ താത്പര്യം കാണിക്കുമ്പോൾ അവർ നിങ്ങളെ ഇഷ്ടപ്പെടാതിരിക്കില്ല. അത് വെറും കാണിക്കലാകരുത്; ഉള്ളിൽ തട്ടിയ സ്നേഹമായിരിക്കണം. മറ്റുള്ളവരെ സഹായിക്കുവാൻ നിങ്ങൾ ഉത്സാഹം കാണിക്കുമ്പോൾ നിങ്ങൾ കഷ്ടപ്പെടുന്നതുകണ്ട് അവർ നിഷ്ക്രിയരായിരിക്കുകയില്ല. നിങ്ങളുടെ സ്വഭാവം കൊണ്ടും സേവനം കൊണ്ടും പുതിയ സുഹൃത്തുക്കളെ സമ്പാദിക്കുമ്പോൾ ജീവിതാവസനാനത്തിൽ എന്തൊരു ആശ്വാസവും ആനന്ദവുമാണ് അതുണ്ടാക്കുക! മറ്റുള്ളവർ നമ്മോട് എങ്ങനെ പെരുമാറണമെന്നു നാം വിചാരിക്കുന്നുവോ ആ തരത്തിലായിരിക്കണം നാം മറ്റുള്ളവരോട് പെരുമാറേണ്ടത് എന്ന തത്ത്വം വളരെക്കാലമായി അംഗീകരിക്കപ്പെട്ടിട്ടുള്ള ഒന്നാണ്.

1. ജീവിത വിജയത്തിന് പ്രധാനമായ ആവശ്യമെന്ത്?
2. പുതിയ സുഹൃത്തുക്കളെ സമ്പാദിക്കേണ്ടതെങ്ങനെ?
3. ജീവിതാവസാനത്തിലെ ആശ്വാസത്തിന്റെയും ആനന്ദത്തിന്റെയും അടിസ്ഥാനമെന്ത്?
4. പെരുമാറ്റത്തെ സംബന്ധിച്ച് അംഗീകരിക്കപ്പെട്ടിട്ടുള്ള തത്ത്വമെന്ത്?
5. ഈ ഖണ്ഡികയ്ക്ക് ഉചിതമായ ശീർഷകം നൽകുക.

## ബി. വിഭാഗം

**II. ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് രണ്ടുപുറത്തിൽ കവിയാതെ ഉപന്യസിക്കുക.** **7**

1. സ്ത്രീകൾ അനുഭവിക്കുന്ന ദുഃഖങ്ങളും നിവാരണങ്ങളും.
2. വിദ്യാർത്ഥികളും അച്ചടക്കവും.
3. ജലസംരക്ഷണത്തിന്റെ ആവശ്യകത.

**III.** 'ഓടയിൽ നിന്ന്' എന്ന നോവലിന്റെ ഒരു കോപ്പി അയച്ചുതരണമെന്ന് ആവശ്യപ്പെട്ട് മാനേജർക്ക് ഒരു കത്തെഴുതുക. **6**

**IV. ആശയം വിപുലീകരിച്ചെഴുതുക.** 3

"സ്നേഹിക്ക ഉണ്ണി നീ നിന്നെ
ദ്രോഹിക്കുന്ന ജനത്തെയും".

## സി. വിഭാഗം

**V. പ്രയോഗം മാറ്റുക.** 2

1. അധ്യാത്മരാമായണം എഴുത്തച്ഛനാൽ എഴുതപ്പെട്ടു.
2. വാർധക്യത്തിൽ പുത്രൻ സ്ത്രീയെ രക്ഷിക്കണം.

**VI. അംഗവാക്യം, അംഗിവാക്യം വേർതിരിച്ചെഴുതുക.** 2

1. സ്തോത്ര കൃതികളും ശൃംഗാരരസമുള്ള ശ്ലോകങ്ങളും എഴുതിയിരുന്ന ആശാന്റെ കാവ്യപ്രതിഭ കതിർക്കനം കൊണ്ടത് 'വീണപൂവ്' രചിച്ചതോടെയാണ്.
2. കുടുംബം കെട്ടിപ്പടുക്കുന്നതുപോലെ സമൂഹത്തെ കെട്ടിപ്പടുക്കുവാനുള്ള ഉത്തരവാദിത്വം എല്ലാവർക്കുമുണ്ട്.

**VII. പിരിച്ചെഴുതി സന്ധി കണ്ടെത്തുക.** 2

1. വേദിയൊരുക്കുക. 2. നെന്മണി

**VIII. വിഗ്രഹിച്ച് സമാസം കണ്ടെത്തുക.** 2

1. തീവ്രവാദം 2. സ്വർണഭൂഷണം

**IX. പര്യായപദങ്ങളെഴുതുക.** 2

1. പല്ലവം 2. ലോകം

**X. നാനാർത്ഥപദങ്ങളെഴുതുക.** 2

1. മൂലം 2. ദശ

**XI. വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക.** 2

1. സ്ത്രീയും പുരുഷനും സമതുല്യമായ മാനസിക സിദ്ധികളാൽ അനുഗൃഹീതരാണ്.
2. ഭാരതീയർ പൗരാണിക കാലം മുതൽ സ്വീകരിച്ചു വന്ന ഏകമായ ഒരു ദർശനമാണ് 'ലോകം ഒരു തറവാട്' എന്നത്.

**ബ്രാക്കറ്റിൽനിന്നും ശരിയായ ഉത്തരം എടുത്തെഴുതുക.**

**XII. വിപരീതപദമെഴുതുക.** 1

1. സൂക്ഷ്മം (സ്ഥിരം, സഫലം, സ്ഥൂലം)
2. നിർഭയം (അഭയം, അവ്യയം, ഭയം)

**XIII. അർത്ഥവ്യത്യാസമെഴുതുക.** 1

1. വാതം – വാദം (അപവാദം, അസുഖം, പ്രതിവാദം, തർക്കം)
2. ഭൂഷണം – ഭാഷണം (അധികരണം, ആഭരണം, സംഘം, സംസാരം)

**XIV. എതിർലിംഗം എഴുതുക.** 1

1. വിനീത (വിനിതൻ, വിനുതൻ, വിനീതൻ)
2. പത്നി (പതിതൻ, പതിത, പതി)

## ഡി. വിഭാഗം

**XV. ബ്രാക്കറ്റിൽനിന്നും ശരിയായ ഉത്തരം എടുത്തെഴുതുക.** 5

1. 'ഉരഗങ്ങളെപ്പോലെ നടുങ്ങീ' ആര്?
   (ദേവൻമാർ, മഹർഷിമാർ, രാജാക്കന്മാർ)
2. പഞ്ചരത്നങ്ങളിൽ ഉൾപ്പെടാത്തതാര്?
   (അഹല്യ, ഗാന്ധാരി, ദ്രൗപദി)

3. 'ചിന്താവിഷ്ടയായ സീത' രചിച്ചതാര്?
(സെഡ്. എം. മുഴൂർ, എഴുത്തച്ഛൻ, കുമാരനാശാൻ)
4. ആദ്യത്തെ പ്രാമാണിക നിയമസംഹിതയേത്?
(ഉപനിഷത്ത്, വേദങ്ങൾ, മനുസ്മൃതി)
5. 'പുഴുപോലെ തുടിക്കുന്നത്' എന്ത്?
(കണ്ണ്, തോൾ, ശരീരം)
6. കേരളത്തെ 'ഭ്രാന്താലയം' എന്നു വിളിച്ചതാര്?
(ശ്രീനാരായണഗുരു, മഹാത്മാഗാന്ധി, സ്വാമിവിവേകാനന്ദൻ)
7. 'കല്യാണമിതുമൂലം വന്നുകൂടും' ആർക്ക്?
(കൗശികന്, ചന്ദ്രശേഖരന്, ശ്രീരാമചന്ദ്രന്)
8. മലയാളത്തിലെ ലക്ഷണമൊത്ത ആദ്യത്തെ കാല്പനിക കാവ്യം?
(നളിനി, ലീല, വീണപൂവ്)
9. അമൃതിനേക്കാൾ പരിശുദ്ധമാണ്?
(അമ്മയുടെ പാദം, അമ്മയുടെ മാനസം, അമ്മയുടെ ശരീരം)
10. ശ്രീനാരായണധർമ്മ പരിപാലനയോഗത്തിന്റെ പ്രഥമസെക്രട്ടറി ആര്?
(ശ്രീനാരായണഗുരു, കുമാരനാശാൻ, ഡോക്ടർ പല്പു)

## XVI. ഉത്തരം എഴുതുക. 32

1. കുടുംബസങ്കല്പത്തിന്റെ അടിസ്ഥാനമെന്ത്?
2. അമ്മ എന്ന പദത്തിന്റെ മഹത്ത്വം വിവരിക്കുക.
3. ശൈവചാപം മുറിഞ്ഞപ്പോൾ രാജാക്കന്മാരിലും സീതാദേവിയിലുമുണ്ടായ പ്രതികരണങ്ങൾ എന്തെല്ലാം?
4. ആസ്വാദനഭംഗി കണ്ടെത്തിയെഴുതുക.
"ഒരു നിശ്ചയമില്ലയൊന്നിനും
വരുമോരോദശവന്നപോലെ പോം"
5. സ്നേഹത്തെക്കുറിച്ച് ഉള്ളൂരിന്റെ അഭിപ്രായമെന്ത്?
6. പുരുഷനോടൊപ്പം ഏതുരംഗത്തും അവസരസമത്വമുള്ളവളാണ് സ്ത്രീ. ഉദാഹരണസഹിതം വ്യക്തമാക്കുക.
7. 'സീത ശ്രീരാമനെ വരിക്കുന്നരംഗം' എഴുത്തച്ഛൻ മനോഹരമായി വർണ്ണിച്ചിരിക്കുന്നു. എങ്ങനെ?
8. പദ്യം പൂരിപ്പിക്കുക.
"തിരിയും രസബിന്ദു ....................... മാഞ്ഞതും"